## പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 57 — 19.03.2013- ൽ മറുപടിയ്ക്ക്

### പരമ്പരാഗത വ്യവസായങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എസ്. രാജേന്ദ്രൻ<br>" പി.റ്റി.എ. റഹീം<br>" ബി. സത്യൻ<br>" സി. കൃഷ്ണൻ | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പു മന്ത്രി) |

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| (എ) | കേരളത്തിലെ പരമ്പരാഗത വ്യവസായങ്ങൾ തകരുകയാണെന്ന കാര്യം പ്രത്യേകമായി പരിഗണിച്ചിട്ടുണ്ടോ; | (എ) | പരമ്പരാഗത വ്യവസായ മേഖലയുടെ സംരക്ഷണത്തിന് സർക്കാർ പ്രത്യേക ഊന്നൽ നൽകി ഈ മേഖലയുടെ ഉന്നമനത്തിനും പരിരക്ഷയ്ക്കുമായി വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. |
| (ബി) | ഇവയെ സംരക്ഷിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കുമോ; | (ബി) | പരമ്പരാഗത മേഖലയെ സംരക്ഷിക്കുന്നതിന് സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികളെ സംബന്ധിച്ച വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (സി) | ഈ മേഖലയിൽ മിനിമം കൂലി അടിസ്ഥാനത്തിൽ തുടർച്ചയായി ജോലി നൽകാൻ പറ്റാത്തവരെ പെൻഷൻ നൽകി റിട്ടയർ ചെയ്യുന്നതിന് അനുവദിക്കാൻ ഒരു പദ്ധതി തയ്യാറാക്കാനും മാസ പെൻഷൻ വർദ്ധിപ്പിക്കാനും തയ്യാറാകുമോ ? | (സി) | കൈത്തറി തൊഴിലാളികൾക്ക് മിനിമം കൂലി നൽകുന്നുണ്ട്. 58 വയസ്സുവരെ കൈത്തറി നെയ്ത്ത് തുടരുന്നവരും ക്ഷേമനിധി ബോർഡിൽ അംഗത്വമുള്ളതുമായ കൈത്തറി നെയ്ത്തുകാർക്ക് ക്ഷേമനിധി ബോർഡ് വഴി പെൻഷൻ നൽകുന്നുണ്ട്.<br>കയർ മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികൾ 60 വയസ്സ് കഴിഞ്ഞ് സംഘത്തിൽ നിന്നും പിരിഞ്ഞു പോകുന്നതിനെ തുടർന്ന് കയർ തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായവർക്ക് അർഹമായ ക്ഷേമനിധി പെൻഷൻ ഇപ്പോൾ നൽകിവരുന്നുണ്ട്.<br>ഖാദി തൊഴിലാളികൾക്ക് മിനിമം വേതനം നൽകിവരുന്നുണ്ട്. ഖാദി നൂല്പുകാർക്കും നെയ്ത്തുകാർക്കും ഉല്പാദന ഇൻസെന്റീവും ഖാദി കമ്മീഷന്റെ പദ്ധതിയനുസരിച്ചുള്ള ആനുകൂല്യങ്ങളും നൽകിവരുന്നു. |

കൂടാതെ ഖാദിതൊഴിലാളി ക്ഷേമനിധി ബോർഡു വഴി പെൻഷൻ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ ഖാദി തൊഴിലാളികൾക്ക് നൽകുന്നുണ്ട്.

കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷനിലെ ജീവനക്കാർക്ക് എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട്, കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡ് എന്നിവ മുഖേന പെൻഷൻ ലഭിക്കുന്നുണ്ട്.

സെക്ഷൻ ഓഫീസർ

# അനുബന്ധം

**കൈത്തറിമേഖല:**

- അസംസ്കൃത സാധനങ്ങൾ വാങ്ങുന്നതിന് സബ്സിഡി നൽകുകയും, നെയ്ത്തുകാർക്ക് വിദഗ്ധ പരിശീലനം നൽകുകയും ചെയ്യുന്നു.
- ഹാന്റക്സ്, ഹാൻവീവ് പ്രാഥമിക കൈത്തറി സഹകരണ സംഘങ്ങൾക്ക് 20% റിബേറ്റും കൈത്തറി തുണികളുടെ വിൽപ്പനയ്ക്ക് 10% മാർക്കറ്റിംഗ് ഇൻസെന്റീവും നൽകുന്നു. വിഷു, ഓണം ക്രിസ്തുമസ് എന്നീ ഉത്സവകാലത്തോട് അനുബന്ധിച്ച് ജില്ല തോറും കൈത്തറി പ്രദർശനങ്ങൾ, വില്പനമേളകൾ എന്നിവ സംഘടിപ്പിക്കുന്നുണ്ട്.
- കയറ്റുമതി പ്രോത്സാഹി പ്പിക്കുവാൻ സബ്സിഡി നൽകി വരുന്നു. കൈത്തറി നെയ്ത്തുകാർക്കു വേണ്ടി ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയും, എൽ.ഐ.സി-യും കേന്ദ്ര ഗവൺമെന്റും സംസ്ഥാന ഗവൺമെന്റും ചേർന്ന് കൈത്തറി നെയ്ത്തുകാർക്ക് എം.ജി.ബി.ബി.വൈ എന്ന ഇൻഷ്വറൻസ് പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്.
- കൈത്തറി നെയ്ത്തുകാർക്ക് കഴിനൂലും മറ്റ് അസംസ്കൃത വസ്തുക്കളും ന്യായവിലയ്ക്ക് യഥാസമയം ലഭിക്കുന്നതിനായി 7 യാൺ ബാങ്കുകൾ പ്രവർത്തിച്ചു വരുന്നു.
- കേന്ദ്ര ഗവൺമെന്റിന്റെ ക്ലസ്റ്റർ വികസന പദ്ധതിയും ഗ്രൂപ്പ് അപ്രോച്ച് പദ്ധതിയും നടപ്പിലാക്കി വരുന്നു.
- കൈത്തറി വസ്ത്രങ്ങളുടെ ഉപയോഗം പ്രോത്സാഹി ക്കുന്നതിനായി പ്രചരണം നടത്തിവരുന്നു.
- പ്രാഥമിക കൈത്തറി സംഘങ്ങൾക്ക് ഓഹരി പങ്കാളിത്തം, കൈത്തറി നെയ്ത്തു സംഘങ്ങൾക്കും ഫാക്ടറി ടൈപ്പ് സംഘങ്ങൾക്കും പ്രീലും പ്രോസസിംഗിൽ ഭാഗീക യന്ത്രവൽക്കരണത്തിന് 100% ഗ്രാന്റ് എന്നിവ നൽകുന്നുണ്ട്.
- അംശദാന മിതവ്യയ പദ്ധതിയിലൂടെ കൈത്തറി തൊഴിലാളികൾക്ക് സാമ്പത്തിക പദ്ധതി നടപ്പിലാക്കുന്നുണ്ട്.
- കൈത്തറി തൊഴിലാളികളുടെ കൊഴിഞ്ഞുപോക്കു തടയുന്നതിനായി ഇൻകം സപ്പോർട്ട് സ്കീം നടപ്പിലാക്കുകയും. ഫാക്ടറി ഇതര സൊസൈറ്റികളുടെ നെയ്ത്തുകാർക്ക് തറി അനുബന്ധ ഉപകരണങ്ങൾ വാങ്ങുന്നതിനായി ഗ്രാന്റ് എന്നിവ നൽകുകയും ചെയ്യുന്നു.
- ആകർഷകമായ ഇൻസെന്റീവുകൾ നൽകി ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് നെയ്ത്തുകാരെയും അനുബന്ധ തൊഴിലാളികൾക്ക് പ്രചോദന പരിപാടിയും നടപ്പിലാക്കി വരുന്നു.
- കൈത്തറി മേഖലയിൽ കേന്ദ്ര ഗവൺമെന്റിന്റെ "പുനരുദ്ധാരണ പുനരാവിഷ്കൃത പാക്കേജ്" നടപ്പിലാക്കി വരുന്നു.

**കയർ മേഖല**

- കയർ വ്യവസായ മേഖലയിൽ തൊഴിലാളികളുടെ കൊഴിഞ്ഞുപോക്ക് പരിഹരിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.

- ആവശ്യാനുസരണം ന്യായമായ വിലയ്ക്ക് ഗുണമേന്മയുള്ള ചകിരി യഥാസമയം ലഭ്യമാക്കാൻ ഇൻസെന്റീവുകൾ വർദ്ധിപ്പിച്ച് തൊണ്ടുസംഭരണ പദ്ധതി പരിഷ്കരിച്ചും, നിയന്ത്രിത യന്ത്രവൽക്കരണം നടപ്പിലാക്കിയും ആധുനിക വൽക്കരണ വൈവിധ്യവൽക്കരണ പദ്ധതികൾ നടപ്പിലാക്കുകയും ചെയ്യുന്നു.
- കയർ സഹകരണ സംഘങ്ങൾക്ക് പുനരുദ്ധാരണ പദ്ധതി പ്രകാരം പ്രവർത്തന മൂലധനം ഉൾപ്പെടെ നൽകി വരുന്നു.
- കയർ പിരിമേഖലയിൽ തൊഴിലാളികളുടെ വേതനം കുറഞ്ഞത് 210/- രൂപയായും ഉല്പന്ന മേഖലയിൽ 285 രൂപയായും പിന്നീട് 360 രൂപയായും നിജപ്പെടുത്തിയിട്ടുണ്ട്.
- കയർ കേരള പോലുള്ള എക്സിബിഷനുകൾ സംഘടിപ്പിച്ച് വിപണന മേഖല ശക്തിപ്പെടുത്താനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്.
- കയർ തൊഴിലാളി പെൻഷൻ 2013-14 സാമ്പത്തിക വർഷം മുതൽ 400 രൂപയായി വർദ്ധിപ്പിക്കുന്നതാണ്.
- കയർ മേഖലയിൽ ഇന്നോവേഷൻ ഫണ്ടും ഇൻക്യുബേഷൻ സെല്ലും രൂപീകരിക്കുന്നതാണ്.
- അന്തർദേശീയ നിലവാരമുള്ള ഒരു സ്ഥിരം കയർ എക്സിബിഷൻ സെന്റർ സ്ഥാപിക്കുന്നതാണ്.
- ആലപ്പുഴയിൽ കയർ കയറ്റുമതി സംസ്കരണപാർക്കു സ്ഥാപിക്കുന്നതാണ്.

**<u>ഖാദി മേഖല</u>**:

- സംസ്ഥാന സർക്കാരിന്റെ ധന സഹായത്തോടെ ഖാദി ബോർഡ് നടപ്പാക്കി വരുന്ന "പ്രത്യേക തൊഴിൽദാന പദ്ധതിയിൽ " കൂടി സംസ്ഥാനത്തെ വിവിധ പരമ്പരാഗത വ്യവസായങ്ങൾക്ക് പുതുജീവൻ നൽകുവാൻ ബോർഡിന് സാധിച്ചിട്ടുണ്ട്.
- വർഷം മുഴുവൻ ഖാദി തുണിത്തരങ്ങളുടെ ചില്ലറ വിൽപ്പനയ്ക്ക് 10% റിബേറ്റും ഇതിനു പുറമേ ഉൽസവകാലങ്ങളിൽ 10% അധിക റിബേറ്റും നൽകുന്നുണ്ട്.
- ഖാദി തൊഴിലാളികൾക്ക് നൂൽപ്പിന് കഴിയൊന്നിന് 30 പൈസയും നെയ്ത്തിന് അവർ ഉപയോഗിക്കുന്ന ഓരോ കഴി നൂലിനും 90 പൈസയും ഉൽപ്പാദന ഇൻസെന്റീവായി നൽകി വരുന്നു.
- മുടക്കം കൂടാതെ ഖാദി തൊഴിലാളികൾക്ക് പഞ്ഞിയും നൂലും യഥാസമയം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.
- ഏറ്റു ക്കുടുക്ക സ്ലൈവർ പ്ലാന്റിന്റെ പ്രവർത്തനം കാര്യക്ഷമമാക്കി.
- ഖാദി തൊഴിലാളി ക്ഷേമനിധിയിലേയ്ക്ക് സർക്കാർ വിഹിതമായി 2012-13 വർഷത്തിൽ 20 ലക്ഷം രൂപ അനുവദിച്ചു.
- ഖാദി സഹകരണ സംഘങ്ങൾ പുനരുദ്ധരിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഖാദി വിൽപ്പനകേന്ദ്രങ്ങളും ഗോഡൗണുകളും കമ്പ്യൂട്ടർവത്ക്കരിക്കാൻ ഉദ്ദേശിക്കുന്നു.
- ഖാദി തൊഴിലാളികൾക്ക് സംസ്ഥാന സർക്കാർ അനുവദിക്കുന്ന തുക വിനിയോഗിച്ച് മിനിമം വേതനം നൽകിവരുന്നു.
- 2012-13 വർഷം ഇൻകം സപ്പോർട്ട് സ്കീം പ്രകാരം 20 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

- കണ്ണൂർ ജില്ലയിലെ പാപ്പിനിശ്ശേരിയിൽ ഖാദി ഗ്രാമ വ്യവസായ പാർക്കു സ്ഥാപിക്കുന്നതാണ്.
- എറണാകുളത്ത് ഖാദി ഗ്രാമ വ്യവസായ ഉത്പന്നങ്ങളുടെ വിപണനത്തിനായി ഒരു സ്ഥിരം എക്സിബിഷൻ കേന്ദ്രവും സ്ഥാപിക്കുന്നതാണ്.

**കരകൗശല മേഖല**

- കരകൗശല വികസന കോർപ്പറേഷന് 2012-13 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 5.60 കോടി രൂപ അനുവദിച്ചു.
- ഇതിൽ 4 കോടി രൂപ കരകൗശലശിൽപ്പികൾക്ക് കൊടുക്കാ നുള്ള കുടിശ്ശിക തീർക്കാനും ഒരു കോടി രൂപ പ്രവർത്തന മൂലധനമായി കരകൗശല വസ്തുക്കൾ ഉടൻ പണം നൽകി വാങ്ങാനും 30 ലക്ഷം രൂപ തിരുവനന്തപുരത്തെ എസ്സ്.എം.എസ്സ്.എം. ഇൻസ്റ്റിറ്റ്യൂട്ടിൽ പുതിയ സൗകര്യങ്ങൾ ഒരുക്കാനും 15 ലക്ഷം രൂപ തിരുവനന്തപുരത്തെ കോമൺ ഫെസിലിറ്റി സർവ്വീസ് സെന്ററിന്റെ നവീകരണത്തിനും 15 ലക്ഷം രൂപ കരകൗശല ശിൽപ്പികൾക്ക് സ്വയം തൊഴിലിലേർപ്പെടാൻ വായ്പ നൽകാനും ഉപയോഗിച്ചു.
- കരകൗശല രംഗത്ത് പ്രവർത്തിക്കുന്ന തൊഴിലാളികൾക്ക് സ്കിൽ അപ്ഗ്രഡേഷൻ വഴി കൂടുതൽ വരുമാനം നൽകാനുതകുന്ന ഒരു പദ്ധതി തയ്യാറാക്കുവാനും ഉദ്ദേശിക്കുന്നു.
- ആർട്ടിസാൻസ് യൂണിറ്റുകളും ആർട്ടിസാൻസ് തൊഴിലാളികൾക്കും പരമാവധി തൊഴിലും തൊഴിലവസരങ്ങളും ലഭ്യമാക്കു ന്നതിനായി ആധുനിക രീതിയിലുള്ള പരിശീലനങ്ങൾ കാഡ്കോ നടപ്പിലാക്കി വരുന്നു.

**പനമ്പ് മേഖല**

- ഈറ്റ പനമ്പുമേഖലയെ പുനരുദ്ധരി ക്കുന്നതിനായി കേരള സംസ്ഥാന ബാംബൂ കോർപ്പറേഷൻ വിവിധ പദ്ധതികൾ ആസൂത്രണം ചെയ്യുകയും ഇതു കേന്ദ്ര/സംസ്ഥാന ഗവൺമെന്റുകളുടെയും NMBA യുടെയും മറ്റും സാമ്പത്തിക സഹായത്തോടെ നടപ്പിലാക്കി വരികയും ചെയ്യുന്നു.
- NMBA യുടെയും കേന്ദ്ര സംസ്ഥാന സർക്കാരുകളുടെയും സഹായത്തോടെ ഉല്പന്നങ്ങളുടെ വൈവിധ്യവൽക്കരണത്തിന്റെ ഭാഗമായി മുള ഉപയോഗിച്ച് ഫ്ലാറ്റൻഡു ബാംബൂ ബോർഡ് നിർമ്മിച്ചു വിപണിയിലിറക്കി, മുള ഉപയോഗി ച്ചുതന്നെ ഫ്ലോറിംഗ് ടൈൽസ് ഉണ്ടാക്കുന്ന ഒരു കമ്പനി നല്ലളത്ത് സ്ഥാപിച്ചു.
- മൂല്യവർദ്ധിത ഉല്പന്നങ്ങളും നിർമ്മിക്കുന്നു. പനമ്പു നെയ്ത്തു മേഖലയിൽ യന്ത്രവൽക്കരണം നടപ്പിലാക്കുന്നതിലൂടെ പനമ്പു നെയ്ത്തുകാരുടെ അദ്ധ്വാനഭാരം ലഘൂകരി ക്കപ്പെടും.

**കശുവണ്ടി മേഖല**

- കശുവണ്ടി മേഖലയിലെ വികസനത്തിനായി റിജുവിനേഷൻ ഓഫ് കാഷ്യു ഇൻഡസ്ട്രി, മോഡേണൈസേഷൻ ഓഫ് കാഷ്യു ഫാക്ടറി, അപ്പ്ഗ്രഡേഷൻ ഓഫ് ഫെസിലിറ്റീസ് എന്നീ പദ്ധതികൾ സർക്കാരിന്റെ ധനസഹായത്തോടുകൂടി കേരള കശുവണ്ടി വികസന കോർപ്പറേഷൻ, കാപ്പക്സ് എന്നീ സ്ഥാപനങ്ങൾ നടപ്പിലാക്കി വരുന്നു.
- കശുവണ്ടി തൊഴിലാളികൾക്ക് കൂടുതൽ ദിവസം തൊഴിൽ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.
- കശുവണ്ടിക്ക് ഒരു ആഗോള ബ്രാൻഡ് വികസിപ്പിച്ചെടുക്കുന്നതാണ്.

**കരിമ്പന വ്യവസായം**

- കരിമ്പന പരമ്പരാഗത വ്യവസായ മേഖലയെ സംരക്ഷിക്കുന്നതിന് കെൽപാമും എൽ.ഐ.സി-യുമായി ചേർന്ന് ഗ്രൂപ്പ് ഇൻഷുറൻസ് ക്ഷേമ പദ്ധതി (ജനശ്രീ ഭീമായോജന പദ്ധതി), പനംകൃഷി വ്യാപനവും, സാമൂഹ്യവൽക്കരണവും, പനഉല്പന്ന വികസനവും കരകൗശല ഉല്പന്ന വികസനവും, പനഉല്പന്ന പരിശീലന പദ്ധതികൾ, സ്വയം തൊഴിൽ പദ്ധതിയ്ക്കുവേണ്ടി എൻ.ബി.സി. എഫ്.ഡി.സി-യുടെ കുറഞ്ഞ നിരക്കിലുള്ള വായ്പ പദ്ധതി എന്നിവ നടപ്പിലാക്കി വരുന്നു.
- 2013-14 -ലെ ബഡ്ജറ്റിൽ പരമ്പരാഗത വ്യവസായങ്ങളെ സംരക്ഷിക്കുവാനും ശക്തിപ്പെടുത്തു വാനുംവേണ്ടി കശുവണ്ടി മേഖലയ്ക്ക് 71.5 കോടി രൂപയും, കയർ മേഖലയ്ക്ക് 111.37 കോടി രൂപയും, കൈത്തറി മേഖലയ്ക്ക് 76.76 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. കൂടാതെ ഹാൻഡിക്രാഫ്റ്റ്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ, കേരള ആർട്ടിസാൻസ് കോർപ്പറേഷൻ, സുരഭി, കെൽപാം,കേരള സ്റ്റേറ്റ് ബാംബൂ കോർപ്പറേഷൻ എന്നിവയ്ക്ക് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള 3 കോടി രൂപയ്ക്ക് പുറമെ 3 കോടി രൂപ കൂടി വകയിരുത്തുന്നതായി ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്. പരമ്പരാഗത മേഖലയിലെ ഗ്രാമീണ വ്യവസായ യൂണിറ്റുകൾ പുനരുജ്ജീവിപ്പിക്കുന്നതിനായി ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രീസ് ബോർഡിന് 13.31 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

**ബീഡി വ്യവസായം**

പുകവലി നിരോധനത്തെതുടർന്നു തൊഴിൽ നഷ്ടപ്പെടുന്നവരുടെ പുനരധിവാസത്തിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചു വരുന്നു.

Emadn

സെക്ഷൻ ഓഫീസർ